

## പല്ലവി

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ - വെറെയില്ലൊന്നും
ക്രിസ്തുമാത്രം സമ്പത്താകുന്നു

## അനുപല്ലവി

ചാവിനെ വെന്നുയിർത്തവൻ വാനലോകമതിൽചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു

## ചരണങ്ങൾ

ക്രൂശിൽ മരിച്ചീശനെൻപേർക്കായ് - വീണ്ടെടുത്തെന്നെ
സ്വർഗകനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നൽകി

തന്റെ പേർക്കായി സർവ്വസമ്പത്തും യാഗമായിവെച്ചി-
ട്ടെന്നെന്നേക്കും തന്നിൽ പ്രേമമായി
തന്റെ വേല ചെയ്തുകൊണ്ടും തന്റെ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻ സേവയിൽ തന്നായുസ്സെല്ലാം കഴിക്കേണം

നല്ല ദാസൻ എന്നു ചൊല്ലുന്നാൾ - തന്റെ മുമ്പാകെ
ലജ്ജിതനായി തീർന്നുപോകാതെ
നന്ദിയോടെൻ പ്രിയൻ മുമ്പിൽ പ്രേമകണ്ണീർ ചൊരിഞ്ഞീടാൻ
ഭാഗ്യമേറും മഹോത്സവ വാഴ്ചകാലം വരുന്നല്ലോ



കുഞ്ഞാടാകും എന്റെ പ്രിയന്റെ- സീയോൻ പുരിയിൽ
ചെന്നുചേരാൻ ഭാഗ്യമുണ്ടെങ്കിൽ
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും

എന്റെ ദേശം ഈഭൂവിയല്ല- അന്യനായി സാധു
ഹാമിൻദേശം വിട്ടുപോകുന്നു
മേലിന്നെറുസാലേമെന്നേ ചേർത്തുകൊൾവാനൊരുങ്ങത്തൻ
ശോഭയേറും വാതിലുകളെനിക്കായിട്ടുയർത്തുന്നു

എന്റെ രാജാവെഴുന്നെള്ളുമ്പോൾ- തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ
മാർവിലെന്നെ ചേർത്തീടും തൻ പൊന്നുമാർവിൽ മുത്തിടും ഞാൻ
ഹാ എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me